1. പഞ്ചായത്തു പ്രസിഡന്റ്	അദ്ധ്യക്ഷൻ
2. പ്രാഥമിക സഹകരണ സംഘം പ്രസിഡന്റ്	അംഗം
3. വില്ലേജ് ഓഫീസർ	അംഗം
4. കൃഷി ഓഫീസർ	കൺവീനർ
5. സഹകരണ സംഘം ഇൻസ്പെക്ടർ	അംഗം
6. കർഷക സംഘടനകളുടെ ഓരോ പ്രതിനിധി	അംഗം

ഈ കമ്മിറ്റിയെ കാലാകാലങ്ങളിൽ യോഗം ചേർന്ന് നെല്ലു സംഭരണ സംസ്ക്കരണ വിപണനത്തിനുള്ള നടപടികൾ അവലോകനം ചെയ്യേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആണ്. ഈ നിർദ്ദേശപ്രകാര മുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ വർഷവും - നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചിട്ടുണ്ട്.

	വെള്ളഅരിയുടെ നെല്ല്	മട്ടഅരിയുടെ നെല്ല്
97-98	525	575
98-99	550	600
99-00	600	650
2000-01	650	700

(ഇ) നെല്ലു സംഭരണ-സംസ്കരണ-വിപണന പദ്ധതി കാര്യക്ഷമമാ യി തന്നെയാണ് നടന്നുവരുന്നത്.

വനഭൂമിക്ക് പുറത്തുള്ള കാവുകൾ, കണ്ടൽക്കാടുകൾ തുടങ്ങിയവയുടെ സംരക്ഷണം

22 (*82) ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിക്ക് പുറത്തുള്ള കാവുകൾ, കണ്ടൽക്കാടുകൾ തുടങ്ങി യവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ജൈവ വൈവിദ്ധ്യം നിലനിറുത്തുന്നതിനും പരിസ്ഥിതി സംര ക്ഷണത്തിനുമായി കോടതി വിധികൾമൂലം അന്യാധീനപ്പെട്ട വനഭൂമി ഏറ്റെടു ക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാ ക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) i) കാവുകളുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് അവയുടെ സംരക്ഷണത്തിനായുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 6.30 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ii) കേരളത്തിലെ 14 ജില്ലകളിലായി 178 ചെറുതും വലുതുമായ കാവുകൾ(മൊത്തം 330.524 ഹെക്ടർ വിസ്തീർണ്ണം.) സംരക്ഷിക്കുന്നതിനായി ഒരു പദ്ധതി സാമൂഹ്യവനവൽക്കരണ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഓരോ കാവുകളേയും പ്രത്യേകമായി മൈക്രോ പ്ലാൻ തയ്യാറാക്കി ജനപങ്കാളിത്തത്തോടെ സംരക്ഷിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷം ഇതിലേയ്ക്ക് 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

iii) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേരള ഫോറസ്ട്രി പ്രോജക്ടിലും കാവുകളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ഘടകം ഉണ്ട്. ആയതിലേയ്ക്ക് 1998 മുതൽ 2002 കാലത്തേയ്ക്ക് മൊത്തം 13.4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

iv) കണ്ടൽ വനത്തിന്റെ പരിരക്ഷയ്ക്കും സംരക്ഷണത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് മാനേജ്മെന്റ് ഓഫ് ഫ്രൈജൈൽ ഇക്കോസിസ്റ്റം. ആയതിലേയ്ക്ക് നടപ്പു വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

v) കേരളത്തിലെ തീരദേശ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി ഒരു മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) i) കോടതി വിധികൾമൂലം അന്യാധീനപ്പെട്ട വനഭൂമികൾ തിരിച്ചെടുക്കുന്നതിനുവേണ്ടി അതാതുകേസ്സുകളിൽ ലഭിച്ച നിയമോപദേശ പ്രകാരം അപ്പീലുകളോ, റിവിഷൻ പെറ്റീഷനുകളോ, ഫയൽ ചെയ്ത് കേസുകൾ നടത്തിവരുന്നുണ്ട്.

ii) റിസർവ്വ് വനങ്ങളോട് തൊട്ടുകിടക്കുന്നതും റിസർവ്വ് വനങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നതും വൃക്ഷ നിബിഡമായതും സ്വകാര്യ വനഭൂമി ഉൾപ്പെടെയുള്ള പാരിസ്ഥിതിക സൂക്ഷ്മ ചൈതന്യമാർന്ന പ്രദേശങ്ങൾ ജൈവവൈവിദ്ധ്യം നിലനിർത്തുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുവേണ്ടി കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്സ്) ഓർഡിൻസ് 8/2000 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ പ്രകാരം ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരിച്ചുവരുന്നു.

മണ്ഡരി രോഗംമൂലം കേരകർഷകർക്കുണ്ടായ നഷ്ടം

23 (*83) ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെ ഉണ്ടായ മണ്ഡരി രോഗംമൂലം കേരകർഷകർക്ക് എന്തു നഷ്ടമുണ്ടായിട്ടുണ്ടെന്നതിനെപ്പറ്റി കാർഷിക സർവ്വകലാശാല പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നഷ്ടമെത്രയെന്നാണ് കണ്ടെത്തിയത്;

(സി) മണ്ഡരി രോഗത്തെ തടയുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് എന്തെല്ലാം സഹായം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly